**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5519** **15-03-2023 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റയുടെ ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗുണനിലവാരമില്ലാത്ത കാലിത്തീറ്റയുടെ ഉപയോഗം മൂലം കന്നുകാലികൾക്ക് നിരന്തരമായി രോഗങ്ങൾ ബാധിക്കുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട് . തൃശ്ശൂർ കേന്ദ്രീകരിച്ച പ്രവർത്തിക്കുന്ന ഒരു സ്വകാര്യകമ്പനിയുടെ കാലിത്തീറ്റയിൽ നിന്നുമാണ് കന്നുകാലികൾക്ക് ഭക്ഷ്യവിഷബാധയുണ്ടായതായി റിപ്പോർട്ട് ചെയ്തിരിക്കുന്നത് . ഗുണനിലവാരമില്ലാത്ത കാലിത്തീറ്റ നൽകിയതിനെ തുടർന്ന് വിശപ്പില്ലായ്മ , പാലുല്പാദനത്തിൽ കുറവ് , ചോരയോട്ടുകൂടിയ വയറിളക്കം, വയറുകമ്പിക്കൽ, പനി എന്നിവയാണ് കന്നുകാലികളിൽ ഉണ്ടായ രോഗ ലക്ഷണങ്ങൾ.<br><br>ഭക്ഷ്യ വിഷബാധ കണ്ടെത്തിയ പഞ്ചായത്ത് / മുനിസിപ്പാലിറ്റികളിൽ ചീഫ് വെറ്ററിനറി ഓഫീസറുടെ നേതൃത്വത്തിൽ ചികിത്സാ പുരോഗതി വിലയിരുത്തുകയും , കാലിത്തീറ്റയുടെ സാമ്പിളുകൾ വിഷാംശം പരിശോധനയ്ക്കുള്ള അഫ്ലാടോക്സിൻ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട് . കൂടാതെ യൂറിയ തീറ്റയുടെ ഘടകങ്ങൾ അഫ്ലാടോക്സിൻ പരിശോധനയ്ക്കായി വെറ്ററിനറി കോളേജ് ന്യൂട്രിഷ്യൻ ഡിപ്പാർട്ട്മെന്റിലേയ്ക്കും നൽകിയിട്ടുണ്ട്.<br><br>വെറ്ററിനറി ഡോക്ടർമാരുടെ ടീമുകൾ ഫാമുകൾ സന്ദർശിക്കുകയും കന്നുകാലികളുടെ രക്തസാമ്പിൾ പരിശോധന , ലിവർ ഫങ്ഷൻ ടെസ്റ്റ് എന്നിവയ്ക്കുള്ള സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട് . |
| (ബി) | എങ്കിൽ ഇത്തരം കാലിത്തീറ്റയുടെ ഗുണനിലവാര പരിശോധനയ്ക്കായി നിലവിലുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റകളിൽ ചേർക്കുന്ന അസംസ്കൃത വസ്തുക്കൾ നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾ അനുസരിച്ചാണ് വാങ്ങുന്നതും ഉത്പാദനത്തിന് ഉപയോഗി ക്കുന്നതും. ഇത് ഉറപ്പുവരുത്തുന്നതിനായി കമ്പനിയിലേക്ക് വരുന്ന അസംസ്കൃത പദാർത്ഥങ്ങൾക്കും കാലിത്തീറ്റ ഉത്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിലെ ഗുണനിലവാര പരിശോധന അടക്കം നാലു |

| | | | |
|---|---|---|---|
| | | | ഘട്ടത്തിലുള്ള ഗുണനിലവാര പരിശോധന നടപ്പിലാക്കി കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ഇതിൽ അസംസ്കൃത പദാർത്ഥങ്ങളുടെ പ്രാഥമിക ഗുണനിലവാരം, ഗോഡൗണിൽ ഇറക്കിയ ശേഷമുള്ള സമഗ്രമായ ഗുണനിലവാര പരിശോധന, ഉത്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പരിശോധന, ഉത്പാദനത്തിന് ശേഷമുള്ള ഉത്പന്നത്തിന്റെ ഗുണനിലവാര പരിശോധന എന്നിവയാണ് നാലുഘട്ട ഗുണനിലവാര പരിശോധനയുടെ ഭാഗമായി വരുന്നത്. ഉത്പാദനത്തിനായി ഉപയോഗിക്കുന്ന വിവിധ യന്ത്രങ്ങൾ കൃത്യതയാർന്നതും വിദേശനിർമ്മിതവുമാണ്. ആയതിനാൽ ഉത്പാദനത്തിന്റെ സ്ഥിരതയുള്ള ഗുണനിലവാരം ഉറപ്പുവരുത്താൻ സഹായിക്കുന്നു.<br><br>മറ്റൊരു പൊതുമേഖലാ സ്ഥാപനമായ മിൽമ കർശനമായ ഗുണനിലവാര പരിശോധനയ്ക്കു ശേഷം മാത്രമേ കാലിത്തീറ്റ കർഷകർക്ക് വിതരണം ചെയ്യാറുള്ളൂ.<br><br>കാലിത്തീറ്റയുടെ proximate analysis -ന് വേണ്ടിയുള്ള സജ്ജീകരണവും സൗകര്യവും മണ്ണുത്തി വെറ്ററിനറി കോളേജിലും , മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സെൻട്രൽ ഹാച്ചറിയിലെ ഫീഡ് ടെസ്റ്റിംഗ് ലാബിലും ലഭ്യമാണ് .<br><br>സംസ്ഥാനത്ത് ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ വില്പന ഉറപ്പുവരുത്തുന്നതിനുള്ള ബിൽ (2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപ്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ)) നിയമം നിർമ്മാണ ഘട്ടത്തിലാണ്. |
| (സി) | ഇപ്രകാരം ഭക്ഷ്യവിഷബാധയേൽക്കുന്ന കന്നുകാലികൾക്ക് അടിയന്തര ചികിത്സ സഹായം ലഭ്യമാക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | ഭക്ഷ്യവിഷബാധയേൽക്കുന്ന കന്നുകാലികൾക്ക് വേണ്ടിയുള്ള അടിയന്തിരചികിത്സാ സഹായം മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള എല്ലാ മൃഗാശുപത്രികളിലും നടത്തിവരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ